"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മൃഗസംരക്ഷണ വകുപ്പ്- കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡിലെ വർക്കർ കാറ്റഗറിയിലെ ജീവനക്കാർക്ക് 01.07.2019 മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണംഅനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**മൃഗസംരക്ഷണ (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.13/2025/AHD തീയതി,തിരുവനന്തപുരം, 24-02-2025

---

പരാമർശം:-

1. 25/6/ 1975 തിയതിയിലെ സ.ഉ(കൈ) നം. 196/75/എഡി നമ്പർ ഉത്തരവ്.
2. 26. 6.1990 തിയതിയിലെ സ.ഉ. (കൈ) നം. 181/ 1990/ എഡി നമ്പർ ഉത്തരവ് .
3. 10.02.2021 തിയതിയിലെ സ.ഉ. (അച്ചടി) നം. 27/2021/ ഫിൻ നമ്പർ ഉത്തരവ്.
4. 18.10.2022, 05/11/2024 എന്നീ തീയതികളിലെ കെഎൽഡിബി മാനേജിംഗ് ഡയറക്ടറുടെ പി.എം.എ/1622/2022/2726 നം.കത്തുകൾ

**ഉത്തരവ്**

ഇൻഡോ -സ്വിസ്സ് പ്രോജക്ട് ഡിപ്പാർട്ട്മെൻറ്, മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പുകളുടെ ചില സ്ഥാപനങ്ങൾ എന്നിവ കൂട്ടിച്ചേർത്തുകൊണ്ട് പരാമർശം (1) ലെ ഉത്തരവ് പ്രകാരം കെ. എൽ. ഡി & എം. എം. ബോർഡ് രൂപീകരിച്ചിരുന്നു. അപ്രകാരം ബോർഡ് രൂപം കൊള്ളുമ്പോൾ മേൽപ്പറഞ്ഞ സർക്കാർ വകുപ്പുകളിലെ ജീവനക്കാരെയും പ്രസ്തുത ബോർഡിലേക്ക് വിന്യസിച്ചിരുന്നു. തുടർന്ന് പരാമർശം (2) ലെ ഉത്തരവ് പ്രകാരം 01.04.1990 മുതൽ പ്രാബല്യത്തിൽ പുതുക്കിയ സ്റ്റാഫ് സ്ട്രക്ചറിന്റെ അടിസ്ഥാനത്തിൽ സർക്കാർ വകുപ്പുകളിലെ സമാന തസ്തികകൾക്ക് തത്തുല്യമായിട്ടുള്ള തസ്തികകൾ പ്രസ്തുത ബോർഡിൽ അനുവദിക്കുകയുണ്ടായി. കൂടാതെ കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് നിലവിൽ വന്ന കാലഘട്ടം മുതൽ ബോർഡിലെ ഉദ്യോഗസ്ഥർക്ക് കാലാകാലങ്ങളിലുള്ള സർക്കാർ ശമ്പള പരിഷ്കരണമാണ് നടപ്പിലാക്കി വരുന്നത്.

2. പരാമർശം (3) ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക്

കെഎൽഡി 11-ാം ശമ്പള പരിഷ്കരണം നടപ്പാക്കിയതിനെത്തുടർന്ന് ബോർഡിലെ വർക്കർ കാറ്റഗറിയിലെ ജീവനക്കാർക്കും വേതന പരിഷ്കരണം അനുവദിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെ ശമ്പള പരിഷ്കരണത്തിന് നിഷ്കർഷിച്ചിട്ടുള്ള എല്ലാ അനുബന്ധരേഖകളും ഉൾപ്പെടെയും കെഎൽഡിബിയുടെ മാനേജിംഗ് ഡയറക്ടർ പരാമർശം (4)- ലെ കത്തുകൾ പ്രകാരം സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

3.കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിലെ വർക്കർ കാറ്റഗറിയിലെ ജീവനക്കാർക്കും ശമ്പള പരിഷ്കരണ‌ം അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചു. കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിലെ വർക്കർ കാറ്റഗറിയിലെ ജീവനക്കാർക്കും പരാമർശം (3) ലെ ഉത്തരവിന്റെ വെളിച്ചത്തിൽ 01.07.2019 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണം ചുവടെപ്പറയും പ്രകാരം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | തസ്തിക | അംഗീകൃത തസ്തികകൾ | നിലവിലെ ജീവനക്കാരുടെ എണ്ണം | നിലവിലെ സ്കെയിൽ | പരിഷ്കരിച്ച സ്കെയിൽ |
|---|---|---|---|---|---|
| SKILLED WORKERS | | | | | |
| 1 | ഇലക്ട്രിക്കൽ സൂപ്പർവൈസർ | 3 | 2 | 26500-56700 | 37400-79000 |
| 2 | LN2 പ്ലാന്റ് ഓപ്പറേറ്റർ | 10 | 0 | 18000-41500 | 25100-57900 |
| 3 | ഇലക്ട്രീഷ്യൻ | 5 | 3 | 18000-41500 | 25100-57900 |
| 4 | മെക്കാനിക് കം വെൽഡർ | 1 | 1 | 18000-41500 | 25100-57900 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 5 | മെക്കാനിക് (ആട്ടോ മെഷീനറീസ്) | 4 | 1 | 17500-39500 | 24400-55200 |
| 6 | മെക്കാനിക് കം പ്ലംബർ | 4 | 0 | 17500-39500 | 24400-55200 |
| 7 | ഡ്രൈവർ | 12 | 12 | 17500-39500 | 24400-55200 |
| 8 | ട്രാക്ടർ ഡ്രൈവർ | 9 | 7 | 17500-39500 | 24400-55200 |
| 9 | പ്ലംബർ | 1 | 1 | 17000-37500 | 23700-52600 |
| SEMI SKILLED WORKERS | | | | | |
| 10 | വെറ്ററിനറി അറ്റൻഡർ | 5 | 1 | 17000-37500 | 23700-52600 |
| 11 | മോവെർ ഓപ്പറേറ്റർ | 5 | 4 | 17000-37500 | 23700-52600 |
| 12 | ഗാർഡ്നർ കം നേഴ്സറി മാൻ | 2 | 0 | 17000-37500 | 23700-52600 |
| 13 | മില്ക്ക് ടെസ്റ്റർ | 1 | 0 | 17000-37500 | 23700-52600 |
| 14 | മിൽക്ക് റിക്കോർഡർ കം ഹേർഡ് അറ്റൻഡർ | 4 | 3 | 17000-37500 | 23700-52600 |
| 15 | കുക്ക് കം കെയർ ടേക്കർ | 2 | 1 | 17000-37500 | 23700-52600 |
| UNSKILLED WORKERS | | | | | |
| 16 | UNSKILLED WORKERS | 320 | 174 | 16500-35700 | 23000-50200 |

| | | | | | |
|---|---|---|---|---|---|
| | TOTAL | 388 | 210 | | |
| | | | | | |

<u>നിബന്ധനകൾ</u>

1. മേൽ ശമ്പള പരിഷ്കരണം 01.07.2019 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. 01.07.2019 ന് നിലവിലുള്ള 2 8 % ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും, പരിഷ്കരിച്ച സ്കെയിലിൽ 01.07.2019 ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കുന്നതുമാണ്.

3. ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ 10. 02. 2021 ലെ സ.ഉ (പി) നം. 27/ 2021 ധന ഉത്തരവിലെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

4. 10.02.2021 തീയതിയിലെ ജി.ഒ (പി) നം.27/2021 ഫിൻ ഉത്തരവിലെ അനക്സർ III പ്രകാരം പരിഷ്കരിച്ച ശമ്പള സ്റ്റേജ് അനുവദിക്കേണ്ടതാണ്.

5. വീട്ടുവാടക ബത്ത 10.02 2021 തിയതിയിലെ സ.ഉ (പി) നം. 27/2021 ധന ഉത്തരവിലെ ഖണ്ഡിക 12, 13 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്. ബോർഡിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ പരിഷ്കരിച്ച വീട്ടു വാടക ബത്ത അനുവദിക്കാവുന്നതാണ്.

6. ബോർഡിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് നിർത്തലാക്കപ്പെടുന്നതാണ്.

7. യൂണിഫോം അലവൻസ്, ട്രാക്ടർ ഡ്രൈവർ അലവൻസ് എന്നിവ 10.02 2021 തിയതിയിലെ സ.ഉ.(അച്ചടി) നം.27/2021/ധന നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം പരിഷ്കരിക്കാവുന്നതാണ്.

| ക്രമ നമ്പർ | അലവൻസുകൾ | പരിഷ്കരിച്ച നിരക്ക് | പ്രാബല്യ തീയതി |
|---|---|---|---|
| 1 | യൂണിഫോം അലവൻസ് | 2200 രൂപ പ്രതിവർഷം | അടുത്ത സാമ്പത്തിക വർഷം മുതൽ |
| 2 | ട്രാക്ടർ ഡ്രൈവർ അലവൻസ് | 180 രൂപ പ്രതിമാസം | പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ |

8 . മേൽപ്പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകൾ /മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കുവാൻ പാടില്ല.

9 . ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണം ടി വിഷയത്തിലുള്ള സർക്കാർ തീരുമാനത്തിനനുസൃതമായിരിക്കും.

10. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ അനക്സർ VI ലെ ഖണ്ഡിക 16, 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

11. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താല്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ, നിലവിലുള്ള സ്കെയിൽ ഉയർത്തുവാനോ, സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ നിയമനം നടത്തുവാനോ പാടില്ല.

12. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.

13. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

14. ഇ.പി.എഫ് തൊഴിലുടമവിഹിതം സംബന്ധിച്ച് ഇപി.എഫ് ആക്ടും കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

15. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്താൻ പാടില്ല.

16. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. താല്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ പാടില്ല. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ ടി നിയമനം മൂലം സ്ഥിര നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

17. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും ബോർഡിലെ ജീവനക്കാർക്ക് നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിനു മുമ്പ് നിർത്തലാക്കേണ്ടതാണ്.

18. ശമ്പള പരിഷ്കരണത്തിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ ബോർഡിൽ നടപ്പാക്കാൻ പാടില്ല.

19. ശമ്പള പരിഷ്കരണത്തിന് ആവശ്യമായ അധിക സാമ്പത്തിക ബാദ്ധ്യത ബോർഡ് സ്വന്തം വരുമാന മാർഗ്ഗങ്ങളിൽ നിന്ന് കണ്ടെത്തേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാദ്ധ്യതയും ഏറ്റെടുക്കുന്നതല്ല.

20. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് മാനേജിംഗ് ഡയറക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ്, പട്ടം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ് ), തിരുവനന്തപുരം.

പൊതുഭരണ (എസ്. സി) വകുപ്പ് (12/02/2025 തീയതിയിലെ ഇനം നമ്പർ 2693 പ്രകാരം)

ധനകാര്യവകുപ്പ് ( 20.02.2025 തീയതിയിലെ No. 2419557/PU-B1/40/2023 പ്രകാരം)

ഐ& പി ആർ ഡി ( വെബ് & ന്യൂ മീഡിയ ) വകുപ്പ്

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Syam R K
Date: 24-02-2025 11:55:07
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 12-02-2025

ഫയൽ നം. എഫ്1/107/2022/എ.എച്ച്. ഇനം നം: 2693

വിഷയം : മൃഗസംരക്ഷണ വകുപ്പ് - കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡിലെ വർക്കർ കാറ്റഗറിയിലെ ജീവനക്കാർക്ക് 01.07.2019 മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധത്തിൽ ധനകാര്യ വകുപ്പിന്റെ നിബന്ധനകൾക്ക് വിധേയമായി പതിനൊന്നാം ശമ്പളപരിഷ്കരണം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്.

# കേരള സർക്കാർ

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | **എഫ്1/107/2022-എ.എച്ച്** |
| 2 | വകുപ്പ് | : | **മൃഗസംരക്ഷണ (എഫ്) വകുപ്പ്** |
| 3 | വിഷയം | : | **കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡിലെ വർക്കർ കാറ്റഗറിയിലെ ജീവനക്കാർക്ക് 01.07.2019 മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധത്തിൽ ധനകാര്യ വകുപ്പിന്റെ നിബന്ധനകൾക്ക് വിധേയമായി പതിനൊന്നാം ശമ്പളപരിഷ്കരണം അനുവദിക്കുന്നത് - സംബന്ധിച്ച്** |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 21/01/2025 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ആസൂത്രണവും സാമ്പത്തിക കാര്യവും (ബി.പി.ഇ) വകുപ്പിന്റെയും, ധനകാര്യ വകുപ്പിന്റെയും അഭിപ്രായങ്ങൾ കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.ഷിബു.എ.റ്റി |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.കെ.എസ്. ശ്രീനിവാസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 29/01/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 04/02/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി.ചിഞ്ചുറാണി.ജെ |

| | | | |
|---|---|---|---|
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 05/02/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 06/02/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിലെ വർക്കർ കാറ്റഗറിയിലെ ജീവനക്കാർക്ക് 01.07.2019 മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധം പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കുന്നത് സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2) 25/06/1975-ലെ സർക്കാർ ഉത്തരവ് GO(MS)No.196/75/AD പ്രകാരം ഇൻഡോ സ്വിസ്സ് പ്രോജക്ട് ഡിപ്പാർട്ട്മെന്റ്, മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുകളുടെ ചില സ്ഥാപനങ്ങൾ എന്നിവ കൂട്ടിച്ചേർത്തുകൊണ്ട് രൂപീകൃതമായ സ്ഥാപനമാണ് കെ.എൽ.ഡി & എം.എം.ബോർഡ്. അപ്രകാരം ബോർഡ് രൂപം കൊള്ളുമ്പോൾ മേൽപ്പറഞ്ഞ സർക്കാർ വകുപ്പുകളിലെ ജീവനക്കാരെയും ബോർഡിലേക്ക് വിന്യസിച്ചിരുന്നു. തുടർന്ന് GO(Ms) No.181/90/AD തീയതി 26.06.1990 പ്രകാരം ബോർഡിൽ 01/04/1990 മുതൽ പ്രാബല്യത്തിൽ നടപ്പിലാക്കിയ പുതുക്കിയ സ്റ്റാഫ് സ്ട്രെക്ചർ പ്രകാരം സർക്കാർ വകുപ്പുകളിലെ സമാന തസ്തികകൾക്ക് തത്തുല്യമായിട്ടുള്ള തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്.

3) കെ.എൽ.ഡി ബോർഡ് രൂപം കൊണ്ട കാലം മുതൽ തന്നെ, സർക്കാർ ജീവനക്കാർക്ക് കാലാകാലങ്ങളിൽ നൽകുന്ന ശമ്പള പരിഷ്കരണമാണ് ബോർഡിലും നടപ്പിലാക്കി വരുന്നത്. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ജി.ഒ(പി)നം.27/2021/ഫിൻ തീയതി.10/02/2021 പ്രകാരം 01/07/2019 മുതൽ പ്രാബല്യത്തിൽ 11-ാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയതിനെ തുടർന്ന് ബോർഡിലെ വർക്കർ കാറ്റഗറിയിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണ ആനുകൂല്യം ലഭിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ 10/08/2022 തീയതിയിലെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ അംഗീകാരത്തോടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ശമ്പള പരിഷ്കരണത്തിന് നിഷ്കർഷിച്ചിട്ടുള്ള എല്ലാ അനുബന്ധ രേഖകളും ഉൾപ്പെടെ കെ.എൽ.ഡി .ബി. മാനേജിംഗ് ഡയറക്ടർ ചുവടെ ചേർക്കും പ്രകാരം സർക്കാർ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

| Sl No | Category | Sanctioned posts | Existing scale of pay | Revised scale of pay as per GO(P)No.27/2021/Fin, dated 10/02/2021 |
|---|---|---|---|---|
| **SUPERVISORY**<br><br>**(New posted created as per GO(Ms)No.9/2021/AHD Dated** | | | | |
| 1 | Electrical Supervisor | 3 | 26500-56700 | 37400-79000 |
| **SKILLED WORKERS** | | | | |
| *1* | *LN2 Plant Operator* | 10 | *18000-41500* | *25100-57900* |
| *2* | *Electrician* | 5 | *18000-41500* | *25100-57900* |
| *3* | *Mechanic-cum-Welder* | 1 | *18000-41500* | *25100-57900* |
| *4* | *Mechanic (Auto Machineries)* | 4 | *17500-39500* | *24400-55200* |
| *5* | *Mechanic-cum-Plumber* | 4 | *17500-39500* | *24400-55200* |
| *6* | *Driver* | 12 | *17500-39500* | *24400-55200* |
| *7* | *Tractor Driver* | 9 | *17500-39500* | *24400-55200* |
| *8* | *Plumber* | 1 | *17000-37500* | *23700-52600* |
| **SEMI-SKILLED WORKERS** | | | | |
| *9* | *Veterinary Attender* | 5 | *17000-37500* | *23700-52600* |
| *10* | *Mower Operator* | 5 | *17000-37500* | *23700-52600* |
| *11* | *Gardner –cum-Nurseryman* | 2 | *17000-37500* | *23700-52600* |
| *12* | *Milk Tester* | 1 | *17000-37500* | *23700-52600* |
| *13* | *Milk Recorder-cum-Herd Attender* | 4 | *17000-37500* | *23700-52600* |

| | | | | |
|---|---|---|---|---|
| *14* | *Cook – cum-caretaker* | 2 | *17000-37500* | *23700-52600* |
| **UN-SKILLED WORKERS** | | | | |
| *16* | *Unskilled workers* | 320 | *16500-35700* | *23000-50200* |
| | *Total* | 388 | | |

4) കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് സമർപ്പിച്ച ശമ്പള പരിഷ്കരണ പ്രൊപ്പോസൽ ആസൂത്രണ സാമ്പത്തിക കാര്യ (BPE) വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു

*" As per the Circulars issued by the Finance Department (Circular No. 42/2017/Fin dated 29/05/2017 & Circular No.53/2022/Fin dated 07/07/2022), the Pay Revision of employees in Public Sector Undertakings would be subject to the finalization of accounts up to the previous year and also on maintenance of up-to-date accounts. It is noted from the status of audit as on 1/10/2022 furnished by the Principal Accountant General (Audit-I), Kerala, the audit of accounts of the Kerala Livestock Development Board Limited is complete only up to the financial year 2016-17- and five-years audit is now pending. In view of the above position, this Department is not recommending the proposal. The Administrative Department is requested to take up the matter with the Finance Department".*

5) ആസൂത്രണ സാമ്പത്തിക കാര്യ (BPE) വകുപ്പിന്റെ മേൽ അഭിപ്രായപ്രകാരം ഫയൽ ധനകാര്യവകുപ്പിലേക്കയച്ചതിൽ പ്രസ്തുത വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിലെ വർക്കർ കാറ്റഗറിയിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്ന വിഷയം പരിശോധിക്കുന്നതിനായി ഭരണ വകുപ്പിന്റെ വ്യക്തമായ ശിപാർശയോടെ, ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ സഹിതം ഫയൽ പുനഃസമർപ്പിക്കുവാൻ ഭരണവകുപ്പിനോട് അഭ്യർത്ഥിക്കുന്നു.*

- കെ.എൽ.ഡി.ബി-യിലെ ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണം അനുവദിച്ച ഉത്തരവിന്റേയും കഴിഞ്ഞ ശമ്പള പരിഷ്കരണത്തിന് ശേഷം ടി വിഭാഗത്തിൽ പുതുതായി

തസ്തിക സൃഷ്ടിച്ചതിന്റെ / പുനർനാമകരണം ചെയ്തതിന്റെ ഉത്തരവുകളുടെയും തീർപ്പ് ഫയലുകൾ.

- ബോർഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയും വർക്കർ വിഭാഗത്തിലേയും സ്റ്റാഫ് & ഓഫീസേഴ്സ് വിഭാഗത്തിലെയും ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കുന്നത് കൊണ്ടുണ്ടാകുന്ന അധിക സമ്പത്തിക ബാദ്ധ്യതയും അടിസ്ഥാനമാക്കി പ്ലാനിംഗ് & ബി.പി.ഇ വകുപ്പിന്റെ അഭിപ്രായം.

- 24.08.2023 ലെ സർക്കുലർ നം.85/2023/ധന പ്രകാരം ഉള്ള വിശദാംശങ്ങൾ.

6) ഈ ഫയലിൽ വീണ്ടും ആസൂത്രണ സാമ്പത്തികകാര്യ (BPE)വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞു, പ്രസ്തുത വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം അറിയിക്കുകയുണ്ടായി.

*" As per G.O.(P) No. 131/2022/Fin dated 29/10/2022, the eligibility criteria for pay revision in the case of PSUs following the new Pay Pattern is stipulated as below.*

*1.Statutory Audit should be up to date.*

*2. Revised classification as per the norms fixed based on audited accounts.*

*3. Should be profit making for three years consecutively before the submission of pay revision proposals.*

*4. Execution of MoU with the Administrative Department concerned.*

*Administrative Department is requested to return the file with a clear opinion from Finance Dept as to whether the eligibility criteria stipulated in the G.O mentioned above for pay revision should be made applicable to the PSUs following the old pay structure "*

7) കെ.എൽ.ഡി ബോർഡിന്റെ വർക്കർ വിഭാഗത്തിലെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ബോർഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച്, കെ.എൽ.ഡി ബോർഡ് കഴിഞ്ഞ നിരവധി വർഷങ്ങളായി ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു പൊതുമേഖല സ്ഥാപനമാണെന്നും ബോർഡിന്റെ 2023-24 സാമ്പത്തിക വർഷം വരെയുള്ള അക്കൗണ്ട്സ് ഫൈനലൈസേഷൻ കഴിഞ്ഞിട്ടുള്ളതും 2022-23 വർഷം വരെയുള്ള അക്കൗണ്ട്സ് സ്വതന്ത്ര ആഡിറ്റർമാർ ആഡിറ്റ് ചെയ്ത് Income tax return ഫയൽ ചെയ്തിട്ടുള്ളതുമാണെന്നും 2023 മാർച്ച് 31 വരെയുള്ള ആഡിറ്റ് കണക്കുകൾ പ്രകാരം 72.24 കോടി രൂപയുടെ capital reserve നിലവിലുണ്ടെന്നും ഇതിൽ 6.46 കോടി രൂപ ബോർഡിന്റെ തനത് പ്രവർത്തനങ്ങളിലൂടെ സ്വരൂപിച്ച സഞ്ചിത ലാഭമായി കണക്കാക്കിയിട്ടുണ്ടെന്നും ബോർഡിന് മറ്റ് സാമ്പത്തിക ബാധ്യതകളൊന്നും നിലവിൽ ഇല്ലാത്തതിനാലും ശക്തമായ സാമ്പത്തിക അടിത്തറ നിലവിലുള്ളതിനാലും ശമ്പള പരിഷ്കരണം മൂലമുണ്ടാകുന്ന അധിക ബാധ്യത ബോർഡിന് സ്വന്തം നിലയ്ക്ക് വഹിക്കുന്നതിനു സാധിക്കുന്നതാണെന്നും മാത്രവുമല്ല ശമ്പള പരിഷ്കരണം നടപ്പിലാക്കാതത് മൂലം salary expenditure കുറയുകയും ഇക്കാരണത്താൽത്തന്നെ ലാഭവിഹിതം കൂടിയിട്ടുള്ളതുമൂലം അധികമായി Income tax നൽകേണ്ടി വരുന്നുവെന്നും ഇത് ബോർഡിന് സാമ്പത്തികനഷ്ടം വരുത്തുന്നതാണെന്നും ആകയാൽ സുസ്ഥിരമായ സാമ്പത്തിക അടിത്തറയുള്ള ബോർഡിന് ശമ്പളപരിഷ്കരണം എത്രയും വേഗം നടപ്പിലാക്കണമെന്നും കെ.എൽ.ഡി ബോർഡിന്റെ മാനേജിംഗ് ഡയറക്ടർ അറിയിച്ചിരുന്നു.

*8)* 01.07.2024 വരെ due ആകുന്ന PSU ശമ്പള പരിഷ്കരണങ്ങൾ പഴയ രീതിയിൽ തുടരുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ കെ.എൽ.ഡി.ബി യുടെ പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കുന്നതിന് 29.10.2022 ലെ സ.ഉ.(പി)നം.131/ 2022/ധന ഉത്തരവ് പ്രകാരം ഉള്ള മാനദണ്ഡങ്ങൾ ബാധകമാക്കേണ്ടതില്ല എന്ന് ധനവകുപ്പ് അറിയിച്ചിരുന്നു.

9) കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലഭ്യമാക്കിയ ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട അധിക സാമ്പത്തിക ബാധ്യതയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Additional Financial Commitment of Kerala Livestock Development Board with respect to the revision of salary of Workers | | | |
|---|---|---|---|
| Actual Strength | Anticipated expenditure on account of implementation of wage revision wef 01/07/2019 ( in Lakh) | Existing expenditure ( in Lakh) | Additional commitment ( in Lakh) |
| 131 | 509.36 | 459.29 | 50.08 |

10) ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അന്തിമ അഭിപ്രായം ചുവടെ ചേർക്കുന്നു.

*" 10.02.2021-ലെ സ.ഉ(പി)നം.27/2021/ധന ഉത്തരവിനെ അടിസ്ഥാനമാക്കി കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിലെ വർക്കർ കാറ്റഗറിയിലെ ജീവനക്കാരുടെ പതിനൊന്നാം ശമ്പളപരിഷ്ക്കരണം 01.07.2019 പ്രാബല്യത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിക്കാവുന്നതാണ്. "*

| ക്രമ നമ്പർ | തസ്തിക | അംഗീകൃത തസ്തികകൾ | നിലവിലെ ജീവനക്കാരുടെ എണ്ണം | നിലവിലെ സ്കെയിൽ | പരിഷ്കരിച്ച സ്കെയിൽ |
|---|---|---|---|---|---|
| | | | **SKILLED WORKERS** | | |
| 1 | ഇലക്ട്രിക്കൽ സൂപ്പർവൈസർ | 3 | 2 | 26500-56700 | 37400-79000 |
| 2 | LN2 പ്ലാന്റ് ഓപ്പറേറ്റർ | 10 | 0 | 18000-41500 | 25100-57900 |
| 3 | ഇലക്ട്രീഷ്യൻ | 5 | 3 | 18000-41500 | 25100-57900 |
| 4 | മെക്കാനിക് കം വെൽഡർ | 1 | 1 | 18000-41500 | 25100-57900 |
| 5 | മെക്കാനിക് (ആട്ടോ മെഷീനറീസ്) | 4 | 1 | 17500-39500 | 24400-55200 |
| 6 | മെക്കാനിക് കം പ്ലംബർ | 4 | 0 | 17500-39500 | 24400-55200 |
| 7 | ഡ്രൈവർ | 12 | 12 | 17500-39500 | 24400-55200 |
| 8 | ട്രാക്ടർ ഡ്രൈവർ | 9 | 7 | 17500-39500 | 24400-55200 |
| 9 | പ്ലംബർ | 1 | 1 | 17000-37500 | 23700-52600 |
| | | | **SEMI SKILLED WORKER** | | |
| 10 | വെറ്ററിനറി അറ്റൻഡർ | 5 | 1 | 17000-37500 | 23700-52600 |
| 11 | മോവെർ ഓപ്പറേറ്റർ | 5 | 4 | 17000-37500 | 23700-52600 |
| 12 | ഗാർഡ്നർ കം നേഴ്സറി മാൻ | 2 | 0 | 17000-37500 | 23700-52600 |
| 13 | മില്ക്ക് ടെസ്റ്റർ | 1 | 0 | 17000-37500 | 23700-52600 |
| 14 | മിൽക്ക് റിക്കോർഡർ കം ഹേർഡ് അറ്റൻഡർ | 4 | 3 | 17000-37500 | 23700-52600 |
| 15 | കുക്ക് കം കെയർ | 2 | 1 | 17000-37500 | 23700-52600 |

ടേക്കർ

UNSKILLED WORKERS

| | | | | | |
|---|---|---|---|---|---|
| 16 | UNSKILLED WORKERS | 320 | 174 | 16500-35700 | 23000-50200 |
| | **TOTAL** | **388** | **210** | | |

## *നിബന്ധനകൾ*

1. *മേൽ ശമ്പള പരിഷ്കരണം 01.07.2019 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.*
2. *01.07.2019 ന് നിലവിലുള്ള 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെട്ടുന്നതും, പരിഷ്കരിച്ച സ്കെയിലിൽ 01.07.2019 ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കുന്നതുമാണ്.*
3. *ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ 10.02.2021 ലെ സ.ഉ (പി)നം.27/2021/ധന ഉത്തരവിലെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.*
4. *10.02.2021 തീയതിയിലെ ജി.ഒ.(പി)നം.27/2021/ഫിൻ ഉത്തരവിലെ അനക്സർ III പ്രകാരം പരിഷ്കരിച്ച ശമ്പള സ്റ്റേജ് അനുവദിക്കേണ്ടതാണ്.*
5. *വീട്ട് വാടക ബത്ത 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 12,13 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്. ബോർഡിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ്*

   *പുറപ്പെട്ടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ പരിഷ്കരിച്ച വീട്ടു വാടക ബത്ത അനുവദിക്കാവുന്നതാണ്.*
6. *ബോർഡിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെട്ടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് നിർത്തലാക്കപ്പെട്ടുന്നതാണ്.*

7. യൂണിഫോം അലവൻസ്, ട്രാക്ടർ ഡ്രൈവർ അലവൻസ് എന്നിവ 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം പരിഷ്കരിക്കാവുന്നതാണ്.

| ക്രമ നം | അലവൻസുകൾ | പരിഷ്കരിച്ച നിരക്ക് | പ്രാബല്യ തീയതി |
|---|---|---|---|
| 1 | യൂണിഫോം അലവൻസ് | 2200 രൂപ പ്രതിവർഷം | അടുത്ത സാമ്പത്തിക വർഷം മുതൽ |
| 2 | ട്രാക്ടർ ഡ്രൈവർ അലവൻസ് | 180 രൂപ പ്രതിമാസം | പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ |

8. മേൽപ്പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകൾ /മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കുവാൻ പാടില്ല.
9. ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണം ടി വിഷയത്തിലുള്ള സർക്കാർ തീരുമാനത്തിനനുസൃതമായിരിക്കും.
10. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ അനക്സർ VI ലെ ഖണ്ഡിക 16, 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.
11. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താല്ക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ, നിലവിലുള്ള സ്കെയിൽ ഉയർത്തുവാനോ, സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ നിയമനം നടത്തുവാനോ പാടില്ല.

12. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.

13. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

14. ഇ.പി.എഫ് എംപ്ലോയർ വിഹിതം സംബന്ധിച്ച് ഇ.പി.എഫ് ആക്ടും കാലാകാലങ്ങളായി കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിക്കുന്ന നിർദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്.

15. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്താൻ പാടില്ല.

16. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ പാടില്ല. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ ടി നിയമനം മൂലം സ്ഥിര നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

17. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും ബോർഡിലെ ജീവനക്കാർക്ക് നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിനു മുമ്പ് നിർത്തലാക്കേണ്ടതാണ്.

18. ശമ്പള പരിഷ്കരണത്തിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ ബോർഡിൽ നടപ്പാക്കാൻ പാടില്ല.

*19. ശമ്പള പരിഷ്കരണത്തിന് ആവശ്യമായ അധിക സാമ്പത്തിക ബാദ്ധ്യത ബോർഡ് സ്വന്തം വരുമാന മാർഗ്ഗങ്ങളിൽ നിന്ന് കണ്ടെത്തേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാദ്ധ്യതയും ഏറ്റെടുക്കുന്നതല്ല.*

*20. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് മനേജിംഗ് ഡയറക്ടർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.*

*21. ശമ്പള പരിഷ്കരണ ശിപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും കരട് ശമ്പള പരിഷ്കരണ ഉത്തരവ് സൂക്ഷ്മ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുകയും ചെയ്യേണ്ടതാണ്.*

11) ധനകാര്യവകുപ്പിന്റെ നിബന്ധനകൾക്ക് വിധേയമായി കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡിലെ വർക്കർ കാറ്റഗറിയിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം മന്ത്രിസഭ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിരുന്നു.

## തീരുമാനിക്കേണ്ട വിഷയം

**കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡിലെ വർക്കർ കാറ്റഗറിയിലെ ജീവനക്കാർക്ക് 01.07.2019 മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായവും നിബന്ധനകളും പ്രകാരം പതിനൊന്നാം ശമ്പളപരിഷ്കരണം അനുവദിക്കുന്നതിന് അനുമതി നൽകാമോ?**

.